"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമവകുപ്പ് - ഹെൽത്ത് സർവീസസ് - ജീവനക്കാര്യം- ശ്രീമതി.ബീനാമോൾ.എം.വി., ശ്രീമതി.ഉഷാകുമാരി.പി, ശ്രീമതി.സിസി രാജു, ശ്രീമതി. സൂസമ്മ ഉതുപ്പ് എന്നിവർ ഫയൽ ചെയ്ത **O.A. 406/2026** നമ്പർ കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ **25/03/2026** തീയതിയിലെ അന്തിമ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**2018/2026/H&FWD** തീയതി,തിരുവനന്തപുരം, **15-06-2026**

---

പരാമർശം:-

1. **03-06-2023** തീയതിയിലെ **DHS/10431/2023-FWA5** നടപടി ക്രമം.
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ **O.A 772/2024** നമ്പർ കേസിൻ്റെ **20/05/2024** തീയതിയിലെ അന്തിമ വിധിന്യായം
3. സ.ഉ.(സാധാ) നം.**2043/2024/H&FWD** തീയതി, **28.08.2024** **(Annexure A14)**
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ **25.02.2026** തീയതിയിലെ **DHS/10431/2023-FWAS** നമ്പർ ഉത്തരവ്
5. ശ്രീമതി.ബീനാമോൾ.എം. പി., ശ്രീമതി. ഉഷാകുമാരി.പി, ശ്രീമതി.സിസിരാജു, ശ്രീമതി. സൂസമ്മ ഉതുപ്പ് എന്നിവർ സമർപ്പിച്ച **27/02/2026** തീയതിയിലെ നിവേദനം **(Annexure A18)**
6. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ **O.A 406/2026** നമ്പർ കേസിന്റെ **25/03/2026** തീയതിയിലെ അന്തിമ വിധിന്യായം
7. ആരോഗ്യവകുപ്പ് ഡയറക്ടറുടെ **22-05-2026** തീയതിയിലെ **DHS/10431/2023-FWA5** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീമതി.ബീനാമോൾ. എം.വി.,ശ്രീമതി.ഉഷാകമാരി.പി, ശ്രീമതി.സിസിരാജു, ശ്രീമതി.സുസമ്മ ഉതുപ്പ് എന്നിവർ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലെ ഹയർ ഗ്രേഡ് ആയ **1/3** റേഷ്യോ പ്രൊമോഷൻ തങ്ങളേക്കാൾ ജൂനിയർ ആയ ജീവനക്കാർക്ക് അനുവദിച്ചു എന്നും തങ്ങൾക്കു അത് നിഷേധിക്കപ്പെട്ടു എന്നും ആരോപിച്ചുകൊണ്ട് നേരത്തേ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ **O.A. 772/2024** നമ്പറായി കേസ് ഫയൽ ചെയ്തിരുന്നു. ബഹു. ട്രൈബ്യൂണലിന്റെ പരാമർശം **(2)** അന്തിമ

ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പരാതിക്കാർ സമർപ്പിച്ച **Annexure A10, Annexure A12** അപ്പീലുകൾ നിരസിച്ചു് ടി വിധിന്യായം പാലിച്ച് പരാമർശം **(3)** പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഇതിനെ തുടർന്ന് ശ്രീമതി.ബീനാമോൾ.എം.വി. തുടങ്ങിയവർ **O.A. 406/2026** നമ്പറായി കേസ് ഫയൽ ചെയ്യുകയും പരാമർശം **(5)** പ്രകാരം സർക്കാരിൽ നിവേദനം നൽകുകയും ചെയ്തിരുന്നു.

**2) O.A. 406/2026** നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം **(6)** പ്രകാരമുള്ള അന്തിമ ഉത്തരവിൽ, ഒന്നാം എതിർകക്ഷിയായ സർക്കാർ, ശ്രീമതി.ബീനാമോൾ.എം.വി. തുടങ്ങിയവർ സർക്കാരിൽ സമർപ്പിച്ച പരാമർശം **(5)** പ്രകാരമുള്ള **Annexure A18** നിവേദനം പരിഗണിച്ചു്, അപേക്ഷകരെ നേരിൽ കേട്ട് കോടതി ഉത്തരവ് ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

**3)**പരാമർശം**(3)**പ്രകാരമുള്ള കോടതിയുത്തരവിന്റെ അടിസ്ഥാനത്തിൽ, **22/04/2026** തീയതിയിൽ അപേക്ഷകരെയും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരെയും നേരിൽ കേട്ടിരുന്നു. ശ്രീമതി.ബീനാമോൾ.എം. വി തുടങ്ങിയവർ സമർപ്പിച്ച അനുബന്ധം **A18** നിവേദനത്തിന്മേൽ പരാമർശം **(7)** പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടും ലഭ്യമാക്കുകയുണ്ടായി. ടി റിപ്പോർട്ട് പ്രകാരം **2021**-നു ശേഷം പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിലെ ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ നൽകിയിരുന്നില്ല. **2026**-ൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ചിരിക്കുന്നത് റേഷ്യോ പ്രൊമോഷന്റെ മാനദണ്ഡ പ്രകാരം ടി ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതിക്ക് പിറ്റേ ദിവസം മുതലാണ്. **2026**-ൽ റേഷ്യോ പ്രൊമോഷൻ അനുവദിക്കുമ്പോൾ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസറുടെ **158** അംഗീകൃത തസ്തികകളിൽ മൂന്നിൽ ഒന്ന് ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്. വിരമിക്കൽ ഒഴിവ് എടുക്കുന്നതിന് സാധിക്കാതിരുന്നതിനാലാണ് **2021**-നു ശേഷം റേഷ്യോ പ്രൊമോഷൻ അനുവദിക്കാതിരുന്നതെന്നും റേഷ്യോ പ്രൊമോഷൻ അനുവദിക്കേണ്ട തീയതിക്ക് മുൻപേ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ഹർജിക്കാർക്ക് പ്രൊമോഷന് അർഹതയില്ലായെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു.

**4)** പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർമാർക്ക് **1/3** റേഷ്യോ പ്രൊമോഷൻ ലഭിക്കുന്നതിന് ടി ജീവനക്കാരൻ സർവീസിൽ ഉണ്ടായിരിക്കണം, പ്രൊബേഷൻ കാലയളവ് പൂർത്തിയായിരിക്കണം എന്നീ രണ്ട് വ്യവസ്ഥകളാണുള്ളത്. **04/10/2019** അപരാഹ്നത്തിൽ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.ബീനാമോൾ.എം.വി, ശ്രീമതി.സൂസമ്മ ഉതുപ്പ് എന്നിവരുടെ പ്രൊബേഷൻ **05/10/2020**

പൂർവാഹനത്തിലും **03/10/2019** അപരാഹനത്തിൽ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.ഉഷാകുമാരി.പി.-യുടെ പ്രൊബേഷൻ **04/10/2020** പൂർവാഹനത്തിലും **30/10/2019** പൂർവാഹനത്തിൽ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.സിസി രാജുവിന്റെ പ്രൊബേഷൻ **30/10/2020** പൂർവാഹനത്തിലും പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചു് ആരോഗ്യവകുപ്പ് ഡയറക്ടർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. **16/12/2017** മുതൽ **31/12/2020** വരെയുള്ള പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് ആരോഗ്യവകുപ്പ് ഡയറക്ടർ പ്രസിദ്ധീകരിച്ചപ്പോൾ , അപേക്ഷകർ സീനിയോറിറ്റി ലിസ്റ്റിൽ യഥാക്രമം **135, 137, 139, 141** എന്നീ സ്ഥാനക്കാരായിരുന്നു. സീനിയോറിറ്റി ലിസ്റ്റിൽ യഥാക്രമം **142, 147, 148** എന്നീ സ്ഥാനക്കാരായ ശ്രീമതി.ലിസിമോൾ, ശ്രീമതി.നൂർജഹാൻ.എ., ശ്രീമതി.മേബിൾ.ജെ എന്നിവർക്ക് പ്രൊബേഷൻ പൂർത്തീകരിച്ച് പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ (ഹയർ ഗ്രേഡ്) എന്ന റേഷ്യോ പ്രമോഷൻ **(1/3** എന്ന അനുപാതത്തിലുള്ളത്) നൽകി പരാമർശം **(1)** പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ **03/06/2023**-ൽ ഉത്തരവ് പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടപ്പോൾ, അവരേക്കാൾ സീനിയർ ആയ തങ്ങൾക്കു റേഷ്യോ പ്രൊമോഷൻ നിഷേധിക്കപ്പെട്ടു എന്നു മനസ്സിലാക്കിയ പരാതിക്കാർ അവരുടെ വിഷയം ബഹു. കോടതി മുൻപാകെ സമർപ്പിക്കുകയാണുണ്ടായത്. ഹർജിക്കാരുടെ ജൂനിയേഴ്സിന് ആദ്യം നൽകിയ റേഷ്യോ പ്രമോഷൻ തീയതി മുതൽ **1/6/2021** തീയതി വരെ ഹർജിക്കാരെ ഉൾക്കൊള്ളുവാൻ **1/3** അനുപാതം അനുസരിച്ച് പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ ഹയർ ഗ്രേഡ് തസ്തികയിൽ ഒഴിവുണ്ടായിരുന്നു എന്നും ഹർജിക്കാർ അവകാശപ്പെടുന്നു. ആയതിനാൽ ഹർജിക്കാർക്ക് അവർ വിരമിക്കുന്നതിന് മുൻപുള്ള തീയതിയിൽ നോഷണൽ ആയി പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ ഹയർ ഗ്രേഡ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി അവരുടെ പെൻഷൻ ആനുകുല്യങ്ങളിൽ അതനുസരിച്ചുള്ള മാറ്റം വരുത്തി അർഹതപ്പെട്ട അവകാശങ്ങൾ അനുവദിക്കണമെന്നുമാണ് ആവശ്യപ്പെട്ടിരുന്നത്.

5)പരാതിക്കാരായ ശ്രീമതി.ബീനാമോൾ.എം. വി. ശ്രീമതി.ഉഷാകമാരി.പി, ശ്രീമതി.സിസിരാജു, ശ്രീമതി.സൂസമ്മ ഉതുപ്പ് എന്നിവരേക്കാൾ ജൂനിയറും **31.05.2021**-ൽ വിരമിച്ചവരും പ്രൊബേഷൻ കാലയളവ് യഥാക്രമം **12.10.2020, 23.10.2020, 05.12.2020, 25.12.2020** എന്നീ തീയതികളിൽ പൂർത്തീകരിച്ചവരുമായ ശ്രീമതി.റോസമ്മ പി, ശ്രീമതി.മേഴ്സികുട്ടി എം.കെ, ശ്രീമതി.ജലീല ബീവി എസ്, ശ്രീമതി. ജെ. സുസ്മിത എന്നീ **4** പേർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം **(4)**ഉത്തരവ് പ്രകാരം **13.10.2020, 24.10.2020, 06.12.2020, 26.12.2020** തീയതി പ്രാബല്യത്തിൽ റേഷ്യോ പ്രൊമോഷൻ നൽകിയിട്ടുണ്ട്.

6)ശ്രീമതി. സരസ്വതി ജി. തുടങ്ങിയവർ ഫയൽ ചെയ്ത **O.A.No.1674/2023** നമ്പർ

കേസിലെ **18/09/2023** തീയതിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ **30/04/2021** തീയതിയിൽ പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ച് **31/05/2021**-ൽ വിരമിച്ച ശ്രീമതി.സൂസമ്മ എം.-ന് **01/05/2021** തീയതി പ്രാബല്യത്തിൽ റേഷ്യോ പ്രൊമോഷൻ നൽകിയിട്ടുണ്ട്. അതായത്, **04/10/2020**-ൽ പ്രൊബേഷൻ പൂർത്തീകരിച്ച ശ്രീമതി.ഉഷാകമാരി.പി (ക്രമ നമ്പർ **137**)-ക്ക് റേഷ്യോ പ്രൊമോഷൻ നൽകാതെയാണ് **30/04/2021** തീയതി പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ച ശ്രീമതി.സൂസമ്മ എം. (റാങ്ക് നമ്പർ **131**)-ന് റേഷ്യോ പ്രൊമോഷൻ നൽകിയിരിക്കുന്നതെന്ന് കാണുന്നു. കൂടാതെ **24.09.2020**ൽ പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ച് **31.03.2021**-ൽ വിരമിച്ച ശ്രീമതി. ജലജ പി.എസ്.-ന് **25.09.2020** പ്രാബല്യത്തിൽ റേഷ്യോ പ്രൊമോഷൻ നൽകിയിട്ടുണ്ട്. **31.03.2021**-ൽ ശ്രീമതി. ജലജ പി.എസ്. വിരമിക്കുമ്പോൾ തന്നെ ഒരു ഒഴിവ് ഉള്ളതായി കാണുന്നു .

7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പിലെ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർമാരുടെ **16.12.2017** മുതൽ **31.12.2020** വരെയുള്ള കാലയളവിലെ സീനിയോറിറ്റി ലിസ്റ്റിൽ യഥാക്രമം **135, 137, 139, 141** എന്നീ റാങ്ക് നമ്പർ ഉള്ളവരുടെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ള വിവരം ലഭ്യമല്ലാത്തതിനാൽ **1/3** റേഷ്യോ പ്രൊമോഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും പ്രസ്തുത ജീവനക്കാർ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ നിശ്ചിത സമയത്തിനുള്ളിൽ ഉത്തരവിന്റെ പകർപ്പ് സഹിതം അപേക്ഷ ലഭ്യമാക്കേണ്ടതാണ് എന്നും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (1) നടപടി ക്രമത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർമാരുടെ **16.12.2017** മുതൽ **31.12.2020** വരെയുള്ള കാലയളവിലെ സീനിയോറിറ്റി ലിസ്റ്റിൽ യഥാക്രമം **135, 137, 139, 141** എന്നീ റാങ്ക് നമ്പർ ഉള്ളവരും **30.4.2021, 31.5.2021** എന്നീ തീയതികളിൽ സർവീസിൽ നിന്നും റിട്ടയർ ചെയ്തവരും പരാതിക്കാരുമായ ശ്രീമതി.ബീനാമോൾ.എം.വി., ശ്രീമതി.ഉഷാകുമാരി.പി, ശ്രീമതി. സിസി രാജു, ശ്രീമതി.സൂസമ്മ ഉതുപ്പ് എന്നിവരുടെ പ്രൊബേഷൻ ചുവടെ പറയുന്ന തീയതികളിൽ പൂർത്തീകരിച്ചു് ആരോഗ്യ വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

| പരാതിക്കാരുടെ പേര് | പ്രൊബേഷൻ പൂർത്തീകരിച്ച തീയതി | ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവ് നമ്പരും തീയതിയും | സീനിയോറിറ്റി ലിസ്റ്റിലെ റാങ്ക് നമ്പർ | സേവനത്തിൽ നിന്നും വിരമിച്ച തിയതി |
|---|---|---|---|---|
| ശ്രീമതി. ബീനാ | | **DHS/6286/2023-FWA5,** | | |

| | | | | |
|---|---|---|---|---|
| മോൾ<br>എം. വി. | 05/10/2020 | തീയതി 08-05-2023 | 135 | 31.05.2021 |
| ശ്രീമതി.<br>ഉഷാകുമാരി. പി | 04/10/2020 | എഫ്.ഡബ്ല്യു.എ 5-356/<br>2023/ആ.വ.ഡ<br>തീയതി 03/04/2023 | 137 | 31.05.2021 |
| ശ്രീമതി.സിസി<br>രാജു | 30/10/2020 | ഡി.എച്ച്.എസ്/6400/20<br>23 -എഫ്.ഡബ്ല്യു.എ5<br>തീയതി 20.05.2023 | 139 | 30.04.2021 |
| ശ്രീമതി.സൂസമ്മ<br>ഉതുപ്പ് | 05/10/2020 | /DHS/6340/2023-FWA5,<br>തീയതി 09-05-2023 | 141 | 31.05.2021 |

8) പരാമർശം (1) നടപടിക്രമം പുറപ്പെവിക്കുന്നതിന് മുൻപ് തന്നെ ഈ നാല് ജീവനക്കാരുടേയും പ്രൊബേഷൻ പൂർത്തീകരിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ തന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. 30.4.2021-ൽ സേവനത്തിൽ നിന്നും വിരമിച്ച പരാതിക്കാരിയായ ശ്രീമതി.സിസി രാജു, 31/05/2021 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ച പരാതിക്കാരായ ശ്രീമതി.ബീനാമോൾ.എം.വി., ശ്രീമതി.ഉഷാകമാരി.പി, ശ്രീമതി.സൂസമ്മ ഉതുപ്പ് എന്നിവരേക്കാളും ജൂനിയറും 31/05/2021-ൽ വിരമിച്ചവരുമായ ജീവനക്കാർക്ക് പരാമർശം (1) നടപടിക്രമം പ്രകാരം 1/3 റേഷ്യോ പ്രൊമോഷൻ നൽകിയിട്ടുണ്ട്. പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർമാർക്ക് ടി തസ്തികയിൽ ഒരു വർഷം പരിവീക്ഷണ കാലം പൂർത്തിയാക്കിയാൽ 1/3 റേഷ്യോ പ്രൊമോഷൻ ലഭിക്കുന്നതിന് ആധാരമായ
(i) സർവീസിൽ ഉണ്ടായിരിക്കണം (ii) പ്രൊബേഷൻ കാലയളവ് പൂർ ത്തിയായിരിക്കണം എന്നീ രണ്ടു വ്യവസ്ഥകളും പരാതിക്കാരായ നാലു ജീവനക്കാർ പാലിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, പരാതിക്കാർക്ക് അവരുടെ ജൂനിയർ ആയവർക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതിയുടെ അടിസ്ഥാനത്തിൽ 1/3 റേഷ്യോ പ്രൊമോഷൻ നൽകിയ സാഹചര്യത്തിൽ, അവരവരുടെ പ്രൊബേഷൻ തീയതിയുടെ അടുത്ത ദിവസം പ്രാബല്യത്തിൽ റേഷ്യോ പ്രൊമോഷൻ നൽകുകയാണ് ചട്ടപ്രകാരം ചെയ്യേണ്ടിയിരുന്നത്.

9)മേൽ സാഹചര്യത്തിൽ ശ്രീമതി.ബീനാമോൾ.എം.വി. ശ്രീമതി.ഉഷാകമാരി.പി, ശ്രീമതി.സിസി രാജു, ശ്രീമതി.സൂസമ്മ ഉതുപ്പ് എന്നിവരുടെ പ്രൊബേഷൻ അവരുടെ ജൂനിയറിനേക്കാൾ മുൻപ് പൂർത്തീകരിച്ചിട്ടുള്ളതിനാലും ടിയാളുകളുടെ ജൂനിയർ ആയവർക്ക് അവരുടെ പ്രൊബേഷൻ ഡിക്ളയർ ചെയ്ത തീയതിയുടെ അടിസ്ഥാനത്തിൽ 1/3 റേഷ്യോ

പ്രൊമോഷൻ അനുവദിച്ചിട്ടുള്ള സാഹചര്യത്തിലും പരാതിക്കാർക്ക് അവരവരുടെ പ്രൊബേഷൻ തീയതിയുടെ അടുത്ത ദിവസം പ്രാബല്യത്തിൽ **1/3** റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി **O.A. 406/2026** നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം **(6)** പ്രകാരമുള്ള അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി.ബീനമോൾ എം.വി., മാറാട്ടുകുളം, കുമരകം പി.ഒ ., കോട്ടയം - **686 563**
ശ്രീമതി.ഉഷാകുമാരി പി, കോട്ടൂർ ഹൗസ്, തോട്ടക്കാട് പി.ഒ., കോട്ടയം - **686 539**
ശ്രീമതി.സിസി രാജു, മാളിയേക്കൽ ഹൗസ്, മണർക്കാട് പി.ഒ, കോട്ടയം-**686 019**
ശ്രീമതി.സൂസമ്മ ഉതുപ്പ് കോണ്ടൂർ ഹൗസ്, പേരൂർ പി.ഒ., ഏറ്റുമാനൂർ, കോട്ടയം - **686 637**
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ് .
കരുതൽ ഫയൽ / കാര്യാലയ പകർപ്പ് **(C1/108/2024/H&FWD)**

Signed by
ഉത്തരവിൻ പ്രകാരം,
Rekha Johnson
Date: 16-06-2026 10:52:36

സെക്ഷൻ ഓഫീസർ.